പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.593 | 28 -09 -2011 - ൽ മറുപടിയ്ക്ക് |

**ജീവൻ രക്ഷാ ആംബുലൻസുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.:ഷാഫി പറമ്പിൽ :<br>ശ്രീ.സണ്ണി ജോസഫ് :<br>ശ്രീ.എം.പി.വിൻസെൻറ് :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജീവൻ രക്ഷാ ആംബുലൻസുകൾ വാങ്ങുവാൻ മുൻ സർക്കാരിൻെറ കാലത്ത് എത്ര കോടി രൂപ അനുവദിക്കുകയുണ്ടായി ; | (എ) | ജീവൻ രക്ഷാ ആംബുലൻസുകൾ വാങ്ങുവാൻ മുൻ സർക്കാരിൻെറ കാലത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് വഴി 2,82,95,548/ രൂപ അനുവദിക്കുകയുണ്ടായി. കേന്ദ്രസർക്കാർ 29.42 കോടി രൂപ 2008 -09 മുതൽ 2010 - 11 വരെയുള്ള കാലയളവിലേക്ക് അനുവദിക്കുകയുണ്ടായി. |
| (ബി) | ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു ; | (ബി) | ആരോഗ്യ വകുപ്പു വഴി അനുവദിച്ച 2,82,95,548/ രൂപ ചെലവഴിച്ചു. കേന്ദ്ര ഫണ്ടിൻെറ 2.83 കോടി രൂപ ആംബുലൻസ് വാങ്ങുന്നതിനും 14.07 കോടി രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും 5.90 കോടി രൂപ മറ്റ് പ്രവർത്തനങ്ങൾക്കുമായി ചെലവഴിച്ചു. |
| (സി) | ചെലവാക്കാതിരുന്നെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ? | (സി) | 2008 - 09 വർഷത്തിൽ കേന്ദ്രം അനുവദിച്ച തുക വർഷാവസാനം ആണ് ലഭിച്ചത്. |
| (ഡി) | തുക ലാപ്സായിപ്പോയിട്ടുണ്ടോ ; | (ഡി) | തുക ലാപ്സായിട്ടില്ല. |
| (ഇ) | ലാപ്സായ തുക വീണ്ടും ലഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ? | (ഇ) | ഈ തുക എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരമാണ് നടപ്പിലാക്കുന്നത് എന്നുള്ളതു കൊണ്ട് ചെലവാകാത്ത തുക അടുത്ത സാമ്പത്തിക വർഷത്തിലേക്ക് ചെലവഴിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ